# ഖസാക്കിലെ ആഖ്യാനപരിണാമങ്ങൾ

## സൗന്ദര്യദർശനം

ചരിത്രാതീതകാലം മുതൽ സുകുമാരകലകൾ മനുഷ്യസംസ്കാരത്തിന്റെ ഭാഗമായിരുന്നു. സൗന്ദര്യശാസ്ത്രം എന്ന അർത്ഥത്തിൽ നാം ഇന്ന് ഉപയോഗിക്കുന്ന എയ്സ്തെറ്റിക്സ് (Aesthetics) എന്ന പദത്തിന് ഇന്ദ്രിയാനുഭൂതിയെന്നാണർത്ഥം. ഈ പദം ആദ്യമായി ഉപയോഗിക്കുന്നത് ജർമ്മൻ ദാർശനികനായ ബോംഗാർട്ടനാണ്. സൃഷ്ടി, അനുഭൂതി, വ്യാഖ്യാനം, വിമർശനം എന്നീ പ്രക്രിയകളിൽ അന്തർലീനമായ വിശ്വാസങ്ങളെയും ആശയങ്ങളെയും സിദ്ധാന്തങ്ങളെയും ദാർശനികമായി അപഗ്രഥിക്കുകയാണ് സൗന്ദര്യശാസ്ത്രത്തിന്റെ ലക്ഷ്യം. വിജ്ഞാനത്തിന്റെ വിവിധമേഖലകളിൽ സാഹിത്യം , നരവംശശാസ്ത്രം, പരിസ്ഥിതിശാസ്ത്രം തുടങ്ങിയവയിൽ സൗന്ദര്യദർശനം ചെലുത്തുന്ന സ്വാധീനം സൗന്ദര്യശാസ്ത്രത്തിന്റെ മഹത്വം വെളിപ്പെടുത്തുന്നു. ജീവിതത്തിന്റെ സമസ്തമേഖലകളിലും ഓരോ വ്യക്തിക്കും അവന്റേതായ ഒരു സൗന്ദര്യസങ്കല്പമുണ്ട്. അതിനെ വ്യാഖ്യാനിക്കാനാണ് പലപ്പോഴും സാഹിത്യകാരൻ ശ്രമിക്കുന്നത്. എന്നാൽ ചില സാഹിത്യസൃഷ്ടികൾ എല്ലാ സൗന്ദര്യശാസ്ത്രസിദ്ധാന്തങ്ങൾക്കും, കണ്ടെത്തലുകൾക്കും അപ്പുറം നിൽക്കുന്നു. മനുഷ്യജീവിതത്തിന്റെ ബാഹ്യവും ആന്തരികവുമായ ഭാവങ്ങളെ അവ തൊട്ടുണർത്തുന്നു. ഇത്തരത്തിലുള്ള ആഖ്യാനമാണ് ഒ.വി. വിജയന്റെ 'ഖസാക്കിന്റെ ഇതിഹാസം' എന്ന നോവൽ. പ്രകൃതിക്കും

ഈശ്വരനുമിടയിൽ ജീവിയ്ക്കുന്ന സന്ദേഹിയായ മനുഷ്യന്റെ സ്വത്വപ്രതിസന്ധികളാണ് ഇതിലെ പ്രമേയം.

ആഖ്യാനകലയെക്കുറിച്ചുള്ള വിചിന്തനം, ആഖ്യാതാവിന്റെ വീക്ഷണകോണിനെ (point of view) ആശ്രയിച്ചാണ് നിലനിൽക്കുന്നത്. കാലത്തിൽക്കൂടി തുടരുന്ന സംഭവത്തിന്റെ കഥനമാണ് ആഖ്യാനം (Narration). എഴുത്തുകാർ ആഖ്യാനത്തിന് രണ്ട് രീതികൾ സ്വീകരിയ്ക്കുന്നുണ്ട്. ഒന്ന് പ്രഥമപുരുഷനിലുള്ള ആഖ്യാനമാണ്. അത് പാരമ്പര്യനിഷ്ഠമായിട്ടുള്ളത്. ഉത്തമപുരുഷനിലുള്ള ആഖ്യാനമാണ് രണ്ടാമത്തേത്. ഈ രണ്ട് രീതിയിൽ നിന്നും വ്യത്യസ്തമായ ആഖ്യാനകലയാണ് ഒ.വി. വിജയൻ 'ഖസാക്കിന്റെ ഇതിഹാസ'ത്തിൽ സ്വീകരിച്ചിരിയ്ക്കുന്നത്. മേൽപ്പറഞ്ഞ രണ്ട് ആഖ്യാനരീതികളെ സമന്വയിപ്പി ച്ച് ഓരോന്നിന്റെയും സൗകര്യങ്ങളും പരിമിതികളും തിരിച്ചറിഞ്ഞ് നോവൽ രചിച്ചിരിയ്ക്കുന്നു. വർഷങ്ങൾകൊണ്ട് രചിച്ച കൃതിയാണ് ഖസാക്ക്. വിജയൻ ഈ നോവലിൽ ഒരുപാട് എഡിറ്റിങ് നടത്തിയതായി പറയുന്നുണ്ട്. ഇതിലുപയോഗിച്ചിരിയ്ക്കുന്ന ഭാഷ ആഖ്യാനകലയുടെ പുതിയമുഖമാണ് മലയാള നോവൽ സാഹിത്യത്തിന് നൽകിയിരിയ്ക്കുന്നത്. ആഖ്യാനത്തിലെ വൈവിദ്ധ്യം ഈ നോവലിന് ഒരു പുതിയ രൂപശില്പം നൽകിയിട്ടുണ്ട്.

### അസ്തിത്വദുഃഖം

അരയാലിലകളിൽ പതിഞ്ഞ കാറ്റ് വീശിയ ഒരു നട്ടുച്ചയ്ക്ക് ഖസാക്കിലെത്തുന്നതിന് മുമ്പ് രവിയും അനവധി തവണ സ്വയം ചോദിച്ചതാണ്ആ ചോദ്യം . അസ്തിത്വം പൂർണ്ണതയിൽ എത്തുന്നത് എപ്പോഴാണ്? ഐഹികസുഖങ്ങളുടെ പാരമ്യതയിലല്ല എന്ന് രവി കണ്ടെത്തുന്നു. ആയിരുന്നെങ്കിൽ തന്റെ മനസ്സ് ഒരിക്കലും വിഹ്വലമാകുകയില്ലായിരുന്നുവെന്ന് അയാൾ തിരിച്ചറിയുന്നു. ഭൗതികാനുഭവങ്ങളിലെ അലട്ടലുകളിൽകളിൽ നിന്നും വേദനകളിൽ നിന്നും ഒന്നുമറിയാതെ ഉറങ്ങാനാശിയ്ക്കുകയാണ് രവി. മനുഷ്യൻ ഏകനാണെന്നും അവൻ എവിടെ നിന്നു വന്നുവെന്നും, എവിടേയ്ക്കാണ് പോകുന്നതെന്നും അറിയാത്തിടത്തോളം അവന് അസ്തിത്വമില്ല എന്ന് രവി വിശ്വസിയ്ക്കുന്നു. എന്നാൽ മനുഷ്യൻ ഏകനാണെന്ന് വിശ്വസിയ്ക്കുന്ന രവി ഏകാന്തദുഃഖം അനുഭവിയ്ക്കുമ്പോഴും മൂല്യങ്ങളെ നിഷേധിയ്ക്കുന്നില്ല.

ഖസാക്കിൽ വിദ്യാലയം ആരംഭിയ്ക്കുമ്പോൾ അയാളോടൊപ്പം നിൽക്കുന്ന എല്ലാവരേയും സ്നേഹിയ്ക്കാൻ രവിയ്ക്ക് കഴിയുന്നു.

ദ്രോഹിയ്ക്കുന്നവർക്ക് പോലും തണലാകാൻ കഴിയുന്നു. കുട്ടികളെ സ്നേഹിയ്ക്കുന്നു. എന്നാലും ജീവിതം അയാൾക്ക് അർത്ഥരഹിതവും വിരസവുമാണ്. ഈ കാരണങ്ങൾ കൊണ്ട് വിദ്യാഭ്യാസം പൂർത്തിയാക്കാനോ കാമുകിയുമായുള്ള ബന്ധം അഭിലഷണീമായി തുടരാനോ കഴിയുന്നില്ല. മരണാസന്നനായ പിതാവിനെ ശുശ്രൂഷിയ്ക്കാൻ കഴിയുന്നില്ല . അഗമ്യഗമനങ്ങൾ ജീവിതത്തിൽ ഉടനീളം സംഭവിയ്ക്കുന്നു. കുടി, വ്യഭിചാരം എന്നിവയിലൂടെ രവിയുടെ ജീവിതം ജീർണ്ണതയുടെ പാരമ്യത്തിലെത്തുന്നു. ഒടുവിൽ മരണമല്ലാതെ മറ്റൊരു മാർഗ്ഗവും അയാളുടെ മുന്നിൽ അവശേഷിയ്ക്കുന്നില്ല. ഒടുവിൽ അതും സംഭവിയ്ക്കുന്നു. ഈ ജന്മത്തിലെ പാപങ്ങളിൽനിന്നെല്ലാം മോചനം നേടി പുനർജ്ജനിയ്ക്കാൻ വേണ്ടിയാണ് രവി മരണം തെരഞ്ഞെടുത്തത് എന്ന് അനുവാചകന് തോന്നും.

രവിയ്ക്ക് സർപ്പദംശമേൽക്കുമ്പോൾ വായനക്കാരന് ഞെട്ടൽ അനുഭവപ്പെടുന്നു. വിശ്വാസ്യത നിലനിർത്തിക്കൊണ്ട് രവിയുടെ ജീവിതം ചിത്രീകരിയ്ക്കാൻ ഒ.വി. വിജയന്റെ ആഖ്യാനശൈലിയ്ക്ക് കഴിഞ്ഞിട്ടുണ്ട്. മനുഷ്യന്റെ ഭാഗധേയം അജ്ഞാതമായ ഏതൊക്കെയോ ഘടകങ്ങൾ നിയന്ത്രിക്കുന്നുവെന്നും മനുഷ്യന്റെ ദുഃഖകരമായ അവസ്ഥകൾക്ക് ഇതാണ് കാരണമെന്നും വിജയൻ സ്ഥാപിയ്ക്കുന്നു. രവിയുടെ ദുരന്തബോധമാണ് 'ഖസാക്കിന്റെ ഇതിഹാസ'മെന്ന നോവലിന്റെ കാതൽ. ഈ ദുരന്തബോധം നോവലിസ്റ്റിന്റെ ദർശനത്തിന്റെ അടിസ്ഥാനമാണെന്ന് അദ്ദേഹത്തിന്റെ മറ്റ് നോവലുകളുടെ വായനയിൽനിന്നും മനസ്സിലാവു ന്നുണ്ട്.

### അധികാരത്തിന്റെ ഭിന്നമുഖങ്ങൾ

കോളനി വാഴ്ചയോടും, അവരുടെ വിദ്യാഭ്യാസ സമ്പ്രദായങ്ങളോടും രവിയ്ക്കു കടുത്ത വിദ്വേഷമുണ്ടായിരുന്നു. പാശ്ചാത്യ വിദ്യാഭ്യാസത്തിലൂടെ മലയാളികൾ നേടിയെടുത്ത വിദ്യാഭ്യാസ സമ്പ്രദായങ്ങളെ പ്രതിരോധിയ്ക്കാനാണ് രവി ഖസാക്കിൽ ഏകാദ്ധ്യാപക വിദ്യാലയം സ്ഥാപിയ്ക്കുന്നത്. ഖസാക്ക് എന്ന ഗ്രാമത്തിൽ പുസ്തകങ്ങൾ ഉള്ളതായി ഈ നോവലിൽ പരാമർശിച്ച് കാണുന്നില്ല . ഖസാക്ക്പോലെയുള്ള ഉൾനാടൻ ഗ്രാമങ്ങളുടെ രാഷ്ട്രീയത്തെ പരിഷ്കൃതസമൂഹവുമായി കൂട്ടിക്കെട്ടി ആ സമൂഹത്തിന്റെ സ്വത്വം നഷ്ടപ്പെടുത്താൻ നോവലിസ്റ്റ് തയ്യാറാകുന്നില്ല. അറിവുകൾ സ്വയം തെരഞ്ഞെടുക്കാനുള്ള അവകാശം നമുക്കില്ല. അറിവിന്റെ പാഠ്യപദ്ധതികൾ നിർമ്മിയ്ക്കുന്ന ഭരണകൂടം പൊതുസമൂഹത്തിന്റെ കർത്തൃത്വം രൂപപ്പെടുത്തുന്നു എന്നത് ഒരു ഉൽക്കണ്ഠയായി രവിയിലൂടെ നോവലിസ്റ്റ് അവതരിപ്പിയ്ക്കുന്നു.

ഇന്ത്യയുടെ രാഷ്ട്രീയചരിത്രം രവിയുടെ സ്വഭാവത്തെ സ്വാധീനിച്ചിട്ടുണ്ട്. ഓണേഴ്സ് പരീക്ഷയ്ക്ക് രണ്ട്മാസം മുൻപ് കോളേജിൽ എത്തിച്ചേർന്ന അമേരിക്കൻ പ്രൊഫസർ രവിയ്ക്കു സ്കോളർഷിപ്പ് വാഗ്ദാനം ചെയ്തു. ഉപനിഷത്തും അസ്ട്രോഫിസിക്സും തമ്മിൽ ബന്ധപ്പെടുത്തി രവി നിർമ്മിച്ച പ്രബന്ധത്തിൽ മതിപ്പുതോന്നിയിട്ടാണ് അദ്ദേഹം വിദേശയൂണിവേഴ്സിറ്റിയിൽ അവസരം നൽകാൻ തീരുമാനിച്ചത്. എന്നാൽ സ്കോളർഷിപ്പ് സ്വീകരിയ്ക്കാനോ, അമേരിക്കയിലേയ്ക്ക് പോകാനോ രവി തയ്യാറായില്ല. രണ്ടാം ലോകയുദ്ധ കാലത്ത് ഇന്ത്യ സ്വന്തം ശത്രുവായ ബ്രിട്ടനോട് പകകാണിക്കാതെ പൊതുശത്രുവായ അമേരിയ്ക്കക്കെതിരെ യുദ്ധം ചെയ്യാൻ ഗാന്ധിജി ആവശ്യപ്പെട്ടു. ഇത് രവിയുടെ മനസ്സിലുണ്ട്. ഗാന്ധിജിയെയും ഹിറ്റ്ലറെയും ഒരേ ആശയത്തിന്റെ രണ്ട് വ്യത്യസ്ത പ്രതിനിധികളായി വിജയൻ നോവലിൽ അവതരിപ്പിച്ചിട്ടുണ്ട്. തേവാരത്തു ശിവരാമൻനായരുടെ ഞാറ്റുപുരയുടെ ഭിത്തിയിൽ ഹനുമാൻ സ്വാമിയോടൊപ്പം ഗാന്ധിജിയുടേയും ഹിറ്റ്ലറുടേയും ചിത്രങ്ങൾ പ്രതിഷ്ഠിയ്ക്കുന്നത് ഇതിനുവേണ്ടിയാണ്. രവിയുടെ അമേരിക്കൻ വിരോധത്തിന് ഒരു കൊളോണിയൽ വിധേയത്വം ഉള്ളതായി കാണാൻ കഴിയുന്നു. സ്കോളർഷിപ്പ് ഇംഗ്ലണ്ടിലെയോ ജർമ്മനിയിലെയോ യൂണിവേഴ്സിറ്റികളുടേതായിരുന്നെങ്കിൽ രവി സ്വീകരിയ്ക്കുമായിരുന്നു. ആഖ്യാനത്തിലെ വൈരുദ്ധ്യം ഇതിൽ കാണാൻ കഴിയും. വിദ്യാഭ്യാസരീതിയിൽ ബ്രിട്ടനെ വെറുക്കുമ്പോഴും, ലോകയുദ്ധത്തിലൂടെ ലോകത്ത് വിപത്ത് വിതച്ച അമേരിക്കയെയും രവി വെറുക്കുന്നു.

### ഉടഞ്ഞ മാതൃ-പിതൃ-പുത്ര ബിംബങ്ങൾ

പുരുഷകേന്ദ്രീകൃതവും പിതൃകേന്ദ്രീകൃതവുമായ ഒരു ഗ്രാമമാണ് ഖസാക്ക്. അച്ഛനെ വേദനിപ്പിയ്ക്കുന്ന പുത്രന്റെ പാപബോധത്തിലും ചിറ്റമ്മയുമായുള്ള അവിഹിതബന്ധത്തിലും ഉഴലുന്ന വ്യക്തിത്വവുമായാണ് രവി ഖസാക്കിലെത്തുന്നത്. പരമ്പരാഗതമായ മാതൃ-പിതൃ-പുത്ര ബന്ധങ്ങളെ ഉടച്ചുവാർക്കുകയാണ് നോവലിസ്റ്റ്. കുട്ടിക്കാലത്തേ അമ്മ നഷ്ടപ്പെട്ടുപോയ രവിയ്ക്ക് അച്ഛന്റെ രണ്ടാം വിവാഹം താങ്ങാവുന്നതിലേറെയായിരുന്നു. അമ്മയെത്തിരയുന്ന ഏകാന്തമനസ്സാണ് രവിയുടേത്.

അച്ഛനിൽനിന്നും അകന്നുപോയ മകന്റെ സന്ദേഹങ്ങളും, വ്യസനങ്ങളും രവിയുടെ വ്യക്തിത്വത്തെ മാറ്റിവെയ്ക്കുന്നു. വേദനിയ്ക്കുകയും, വേട്ടയാടപ്പെടുകയും ചെയ്യുന്ന പിതാവിനെയാണ് ഖസാക്കിൽ കാണുന്നത്. രോഗഗ്രസ്തനായി മരണശയ്യയിൽ കിടക്കുന്ന പിതാവിന്

തന്നെക്കാണണമെന്ന് അതിയായ ആഗ്രഹമുണ്ടെന്നറിഞ്ഞിട്ടും ആ ആഗ്രഹം നിഷേധിച്ച്, തന്റെ പാപബോധവുമായി അച്ഛനിൽനിന്നും സ്വന്തം വീട്ടിൽനിന്നും പലായനം ചെ യ്യാൻ രവി നിർബ്ബന്ധിതനായി.ഇവിടെയാണ് വിജയന്റെ ആഖ്യാനകലയുടെ മിഴിവ് അനുവാചകന് ദർശിയ്ക്കാൻ കഴിയുന്നത്. നോവലിൽ ഒരിടത്തുപോലും പിതാവും പുത്രനും തമ്മിൽ നേരിട്ട് സംവദിയ്ക്കാൻ നോവലിസ്റ്റ് അനുവദിയ്ക്കുന്നില്ല. അച്ഛൻ രവിയ്ക്ക് ഗുരുവായിരുന്നു. അച്ഛന്റെ കൈ വിരലിൽ തൂങ്ങി വിജനമായ ചുവന്ന പാതയിലൂടെ സായാഹ്നത്തിൽ സഞ്ചരിച്ചിരുന്നത് രവിയുടെ ജീവിതത്തിലെ സുഖദമായ ഓർമ്മയാണ്. എന്നാൽ അച്ഛൻ നൽകിയ വാത്സല്യം പാടേ ഉപേക്ഷിക്കുകയാണ് രവി. ഖസാക്കിലെത്തുമ്പോൾ എല്ലാ വൃദ്ധജനങ്ങളിലും തന്റെ പിതാവിനെക്കാണാൻ ശ്രമിയ്ക്കുകയും ചെയ്യുന്നു.

പിതാവും പുത്രനും തമ്മിലുള്ള ബന്ധവിച്ഛേദം രവിയെപ്പോലെ മറ്റ് കഥാപാത്രങ്ങൾക്കും വിജയൻ നല്കുന്നു. നൈസാമലിയും-മൊല്ലാക്കയും, മാധവൻ നായരും-അച്ഛനും തുടങ്ങിയവർ ഉദാഹരണം. രവിയിൽനിന്നും, മാധവൻനായരിൽനിന്നും വ്യത്യസ്തമായി നൈസാമലി പിതാവിനെ തിരിച്ചറിയുകയും പിതാവിലേ യ്ക്ക് മടങ്ങിപ്പോവുകയും ചെയ്യുന്നു. പിതൃ-പുത്രത്തെ മൂന്ന് തരത്തിൽ നോവലിൽ ആഖ്യാനം ചെയ്തിരിക്കുന്നു. ഈശ്വരൻ എന്ന പിതാവും മനുഷ്യൻ എന്ന പുത്രനും, ഗുരു എന്ന പിതാവും ശിഷ്യൻ എന്ന പുത്രനും , അച്ഛനും മകനും . ആത്മീയതയുടെ പശ്ചാത്തലമാണ് ഈ ബന്ധങ്ങളെ വ്യാഖ്യാനിയ്ക്കാൻ വിജയൻ സ്വീകരിച്ചിരിയ്ക്കുന്നത്.

സ്ത്രീയിലേയ്ക്കും പ്രകൃതിയിലേയ്ക്കും മടങ്ങാൻ രവിയുടെ മനസ്സിൽ അതിയായ ആഗ്രഹമുണ്ട്. ഈ അന്വേ ഷണത്തിന് കാരണമായി നോവലിസ്റ്റ് പറയുന്നത് മാതൃനഷ്ടമാണ്. അമ്മയെത്തിരയുന്ന അനാഥനായ ഒരു ശിശുവിന്റെ ആത്മാവ് വിജയൻ രവിയ്ക്കുനൽകുന്നു. സ്നേഹനിർഭരമായ ഒരു ബാല്യം രവിയ്ക്കുണ്ടായിരുന്നു. അമ്മയുടെ മടിയിൽ തലചായ്ച്ച് ആകാശത്തേയ്ക്കു നോക്കി ദേവന്മാർ വലിച്ചെറിയുന്ന കല്പവൃക്ഷതൊണ്ടുകളുടെ കഥ കേട്ടിരുന്ന കാലം. ആ കഥകൾ കൊച്ചുമനസ്സിൽ മാതൃത്വത്തിന്റെ വാത്സല്യം നിറച്ചു. ഗർഭിണിയായിരുന്ന അമ്മ പ്രസവത്തോടെ മരിയ്ക്കുമ്പോൾ രവി ഒറ്റപ്പെടുകയായിരുന്നു. അമ്മയുടെ പകരക്കാരിയായി വന്ന ചിറ്റമ്മയെ രവിയുടെ മനസ്സ് ഉൾക്കൊണ്ടില്ല. അതിനാൽ അയാൾ ചിറ്റമ്മയെ പ്രാപിയ്ക്കുന്നു. അമ്മയുടെ ഗർഭപാത്രത്തിലേയ്ക്ക് മടങ്ങുക, അവിടെ മാത്രമേ ശാശ്വതമായ ശാന്തി ലഭിയ്ക്കുകയുള്ളൂ

എന്ന ചിന്ത അയാളുടെ മനസ്സിൽ ഉറച്ചു. ഈ ചിന്തയാകാം അമ്മയാകാൻ പ്രായമുള്ള സ്ത്രീകളോടുകൂടി നടത്തുന്ന ശാരീരികബന്ധങ്ങളിലേയ്ക്ക് അയാളെ നടത്തുന്നത്. പാപത്തിന്റെയും ലൈംഗികതയുടെയും വലയത്തിനുള്ളിൽ കറങ്ങുകയാണ് രവിയുടെ ജീവിതം. നിഷിദ്ധമായതെന്തും നേടിയെടുക്കാനുള്ള സഹജമായ മനുഷ്യവാസന രവിയിൽ കാണുവാൻ കഴിയും. ചിറ്റമ്മയുമായുള്ള ലൈംഗികബന്ധം വേദകാലത്തായിരുന്നെങ്കിൽ ന്യായീകരിക്കാമായിരുന്നെന്ന് രവി വിശദീകരിക്കുന്നു. (വേദകാലത്ത് സഹോദരീ പരിണയം നിലനിന്നിരുന്നു). ആദിമകാലത്തേയ്ക്ക് തിരിച്ചുപോകാനുള്ള ആഗ്രഹം രവിയുടെ മനസ്സിൽ നിറഞ്ഞുനിൽക്കുന്നു.

പിതാവും പുത്രനും മാതാവും പുത്രനും തമ്മിലുള്ള ബന്ധത്തെ അസ്തിത്വവ്യഥയുടെ പിൻബലത്തിൽ വിജയൻ വിശദീകരിക്കുന്നു. അസ്തിത്വവ്യഥയിൽ ഉഴറി ഉടഞ്ഞുപോയ മാതൃ-പിതൃ ബിംബങ്ങളുടെ വലയിൽ നിന്നും രക്ഷപ്പെടാൻ രവി ആത്മഹത്യചെയ്യുന്നു. രവിയുടെ പാപബോധത്തെ മരണത്തിലൂടെ അവസാനിപ്പിക്കാൻ ശ്രമിച്ചപ്പോഴും മനുഷ്യരാശിയെ ഒന്നാകെ അലട്ടുന്ന പാപബോധമായി അതിനെ മാറ്റാൻ വിജയന്റെ ആഖ്യാനശൈലിയ്ക്ക് കഴിഞ്ഞു.

ഖസാക്കിന്റെ ദർശനം

കേരളീയമായ ഒരു ഗ്രാമാന്തരീക്ഷം ഖസാക്കിന്റെ ജീവിതപശ്ചാത്തലത്തിൽ കാണാൻ കഴിയുന്നില്ല . യുക്തിയും അയുക്തിയും, മിത്തും യാഥാർത്ഥ്യവുമെല്ലാം അവിടത്തെ ജീവിതത്തിൽ കൂടിക്കുഴഞ്ഞുകിടക്കുന്നു. പരിഷ്കൃത സമൂഹത്തിന്റെ ശാസ്ത്രീയമായ യുക്തികൾ ഒരു വശത്തും ഗ്രാമീണ സമൂഹത്തിന്റെ അയുക്തികൾ മറുവശത്തും വിജയൻ ആവിഷ്കരിക്കുന്നു. നാഗരിക ജീവിതത്തിന്റെ സങ്കീർണ്ണതകൾ രവിയെ ജീവിതത്തിൽ പരാജയപ്പെടുത്തി. നഗരത്തിൽനിന്നും യാഥാർത്ഥ്യവും, അസ്തിത്വവും തേടി രവി ഖസാക്കിലേയ്ക്കുപോകുന്നു. ജൈവസ്വരൂപത്തെ കണ്ടെത്താനുള്ള ശ്രമത്തിൽ പാപത്തിൽ നിന്നും പാപത്തിലേക്ക് നടന്ന് ആ വഴിയമ്പലത്തിൽ രവി ജീവിച്ചു.

നിരർത്ഥകമായ ജീവിതത്തിന്റെ മുഖം ഖസാക്കിൽ അവതരിപ്പിക്കുമ്പോഴും, രവി മരണത്തെ സ്വയം വരിക്കുമ്പോഴും ജീവിതത്തെ അയാൾ ഒരുപാട് സ്നേഹിക്കുന്നു എന്ന ദർശനമാണ് നോവലിസ്റ്റ് നൽകുന്നത്. മരണവും ജീവിതവും തമ്മിലുള്ള അതിർവരമ്പുകൾ ഇവിടെ

ഇല്ലാതാകുന്നു. സ്കൂളിൽ എത്താത്ത കുട്ടികൾ—പഠനം നിർത്തിയവരായാലും മരിച്ചുപോയവരായാലും—അവരുടെ പേര് ഹാജർ പുസ്തകത്തിൽ നിന്നും നീക്കാൻ രവി തയ്യാറാകുന്നില്ല. ഇത് രവിയുടെ ജീവിത വീക്ഷണമാണ് വെളിപ്പെടുത്തുന്നത്. നോവലിസ്റ്റിന്റെ ജീവിതദർശനമാണ്. സ്നേഹവും മരണവും പാപവും രവി ഖസാക്കിൽ തിരിച്ചറിയുന്നു. പ്രകൃതിരഹസ്യങ്ങൾ തേടി ഖസാക്കിലെത്തിയ രവിയ്ക്ക് അത് കണ്ടെത്താനാകാതെ പ്രകൃതിയിലേയ്ക്ക് മടങ്ങേണ്ടിവരുന്നു. സർപ്പദംശമേറ്റ് മഴവെള്ളത്തിൽ കിടക്കുന്ന രവിയ്ക്ക് പ്രളയജലത്തിന് മുകളിൽ ആലിലയിൽ കിടക്കുന്ന ആദിമശിശുവിന്റെ രൂപമുണ്ട്. ആവർത്തനം പ്രകൃതിനിയമമാണെന്ന ദർശനത്തിൽ നോവലിസ്റ്റ് എത്തിച്ചേരുന്നു. ജനനമരണചക്രത്തിൽ നിന്നും മനുഷ്യന് മോചനമില്ല എന്ന തത്ത്വം അംഗീകരിയ്ക്കുകയാണ് വിജയൻ. ഇത് എന്റെ ജീവിതദർശനമല്ലെന്ന് നോവലിസ്റ്റ് പറയുമ്പോൾ ഇതുതന്നെയാണ് എന്റെ ജിവിതവീക്ഷണം എന്ന് നോവലിസ്റ്റ് നോവലിൽ അടിവരയിട്ട് ഉറപ്പിച്ചിരിക്കുന്നതായാണ് അനുവാചകന് ബോദ്ധ്യമാകുന്നത്.

ഉപസംഹാരം

വായനക്കാരന്റെ സൗന്ദര്യാസ്വദനതലത്തെ തൃപ്തിപ്പെടുത്തുന്ന ആഖ്യാനശൈലിയല്ല 'ഖസാക്കിന്റെ ഇതിഹാസം' എന്ന നോവലിന്റേത്. ഈ നോവലിന്റെ ആഖ്യാനശൈലിയെ പ്രത്യേകിച്ച് ഒരു സൗന്ദര്യശാസ്ത്ര സിദ്ധാന്തത്തിന്റെയും തത്ത്വങ്ങൾ ഉപയോഗിച്ച് വ്യാഖ്യാനിയ്ക്കാൻ കഴിയുകയില്ല. പരിസ്ഥിതിയും, പ്രത്യയശാസ്ത്രവും ചരിത്രവും നരവംശശാസ്ത്രവും സംസ്കാരവും മിത്തും ആത്മീയതയും ബിംബങ്ങളും മനഃശാസ്ത്രവും ശരീരശാസ്ത്രവും എല്ലാം വിജയൻ നോവലിൽ അവതരിപ്പിച്ചിരിയ്ക്കുന്നു. ഭൗതിക ജീവിതത്തിന്റെ കെട്ടുപാടുകളിൽപ്പെട്ടുഴലുന്ന മനുഷ്യജീവിതത്തിന്റെ താഴേത്തട്ട് മുതൽ മേൽത്തട്ടു വരെയുള്ള ചിത്രങ്ങൾ വിജയൻ തന്റെ കൃതിയിൽ വ്യാഖ്യാനിച്ചിട്ടുണ്ട്. മനുഷ്യജീവിതം വിയോഗദുഃഖത്തിന്റെ ദുരന്തമാണെന്ന് അദ്ദേഹം പറയുന്നു. ആവർത്തിയ്ക്കുന്ന ജനിതകചക്രത്തിലെ ആരക്കാലുകൾ ആണ് പ്രപഞ്ചത്തിലെ ഓരോ ജീവിയും. പക്ഷേ കാലചക്രത്തിന്റെ തിരിയലിനിടയിൽ എവിടെയോ മനുഷ്യന്റെ നന്മ നഷ്ടപ്പെട്ടു.

പരിഷ്കാരത്തിന്റെ ഒരു ചെറിയ മാറ്റംപോലും ഏൽക്കാത്ത ഖസാക്ക് എന്ന ഗ്രാമത്തിൽ ചാരിത്രവതികളായ പെൺകിടാങ്ങളെയോ മദ്യത്തിനും മന്ത്രവാദത്തിനും അടിമപ്പെടാത്ത പുരുഷൻമാരെയോ കാണാൻ

കഴിയുന്നില്ല . ഈ ദർശനം അവതരിപ്പി യ്ക്കുന്നതിൽ നോവലിസ്റ്റിന്റെ ആഖ്യാ നശൈലി പൂർണ്ണവിജയമായിരുന്നു. അതിനാൽ 'ഖസാക്കിന്റെ ഇതിഹാസം' മലയാള നോവൽ സാഹിത്യത്തിലെ ഇതിഹാസമായി എന്നും നിലനിൽക്കും.

ആധാരഗ്രന്ഥസൂചി.

1. കെ.പി. അപ്പൻ, മാറുന്നമലയാള നോവൽ
2. ഒ.വി. വിജയൻ, ഖസാഖിന്റെ ഇതിഹാസം
3. പി.കെ. രാജശേഖരൻ, അന്ധനായ ദൈവം—മലയാളനോവലിന്റെ നൂറ് വർഷങ്ങൾ
4. പി.കെ . രാജശേഖരൻ, പിതൃഘടികാരം
5. ഒ.വി. വിജയൻ, ഇതിഹാസത്തിന്റെ ഇതിഹാസം
   ഖസാക്ക് പഠനങ്ങൾ, പ്രൊഫ. ടോണി മാത്യൂ
6. ഖസാക്ക് പഠനങ്ങൾ, സമാഹരണവും എഡിറ്റിങ്ങും: കെ.ജി. കാർത്തികേയൻ, എം. കൃഷ്ണൻ നമ്പൂതിരി
7. ആത്മായനങ്ങളുടെ ഖസാക്ക്, എം.കെ. ഹരികുമാർ

ദീപ ബി.എസ്.
അസി. പ്രൊഫ., മലയാളവിഭാഗം
കെ.കെ.ടി.എം. ഗവ: കോളേജ്, പുല്ലൂറ്റ്.